"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

തദ്ദേശ സ്വയംഭരണ (ഡി സി) വകുപ്പ്

നം.ഡിസി1/24/2021/ത.സ്വ.ഭ.വ

22/04/2021,തിരുവനന്തപുരം

അഡീഷണൽ ചീഫ് സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ

നഗരകാര്യ ഡയറക്ടർ

ഗ്രാമ വികസന കമ്മീഷണർ

മേയർ തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ,കോഴിക്കോട്, കണ്ണൂർ (നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ കോർപറേഷൻ/മുനിസിപ്പാലിറ്റി ചെയർ പേഴ്സൺമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും (ഗ്രാമ വികസന കമ്മീഷണർ മുഖേന)

എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ തദ്ദേശസ്വയംഭരണ സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ/നഗരകാര്യ ഡയറക്ടർ/ ഗ്രാമ വികസന കമ്മീഷണർ മുഖേന)

സർ,

വിഷയം:- ത.സ്വ.ഭ.വ. - കോവിഡ് - 19 പ്രതിരോധം - തീവ്രവ്യാപനം തടയുന്നതിന് അടിയന്തരമായി സ്വീകരിക്കേണ്ട നടപടികൾ - സംബന്ധിച്ച്.

സൂചന:- 1. സ.ഉ.(കൈ)നം.55/2020/തസ്വഭവ തീയതി 20.03.2020
2. സ.ഉ.(സാധാ)നം.1364/2020/തസ്വഭവ തീയതി 16.07.2020
3. സ.ഉ.(സാധാ)നം.242/2021/തസ്വഭവ തീയതി 29.01.2021
4. സ.ഉ.(സാധാ)നം.282/2021/തസ്വഭവ തീയതി 02.02.2021
5. വിവിധ റിവ്യൂ യോഗങ്ങളിലുയർന്ന അഭിപ്രായങ്ങൾ

കോവിഡ് മഹാമാരിയെ നേരിടുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സംസ്ഥാനത്ത് ലോക്ഡൗൺ കാലയളവിലുൾപ്പെടെ സ്തുത്യർഹമായ സേവനമാണ് കാഴ്ചവച്ചത്. ആയതിനെ തുടർന്ന് ആദ്യഘട്ട വ്യാപനം ഒരു പരിധിവരെ തടയുന്നതിന് കഴിയുകയും ചെയ്തു. ഇപ്പോൾ കോവിഡ് -19 തീവ്രവ്യാപനം വീണ്ടും രാജ്യത്ത് ഉണ്ടായിരിക്കുന്നു. ഈ സാഹചര്യം തരണം ചെയ്യുന്നതിനും പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കേണ്ടിയിരിക്കുന്നു. തദ്ദേശസ്ഥാപനങ്ങൾ ആരോഗ്യ വകുപ്പുമായി ചേർന്ന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് നിരവധി ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. അവയിൽ പ്രധാനമായ ഉത്തരവുകൾ (CFLTC, വാർഡ്തല സമിതികൾ) സൂചനയിൽ കാണാവുന്നതാണ്. തദ്ദേശ

സ്ഥാപനങ്ങൾ ഇപ്പോൾ അടിയന്തരമായി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ താഴെ പറയുന്നു:

**I. വാർഡ് തല സമിതികൾ, RRTകൾ എന്നിവയുടെ രൂപീകരണവും ഉത്തരവാദിത്വങ്ങളും.**

a) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വാർഡ് മെമ്പറുടെ നേതൃത്വത്തിൽ സ ഉ (സാധാ ) 831/2020/ത സ്വഭവ തീയതി 6.05.2020 പ്രകാരം വാർഡ് തല സമിതികൾ രൂപീകരിച്ചിരിക്കുന്നു. കോവിഡ് വ്യാപനം സംസ്ഥാനത്ത് ശക്തമായ സാഹചര്യത്തിലും പുതിയ ഭരണ സമിതി നിലവിൽ വന്ന സാഹചര്യത്തിലും വാർഡ് തല മോണിറ്ററിങ് കമ്മിറ്റികൾ പുനഃസംഘടിപ്പിച്ചുകൊണ്ട് സൂചന 3 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരം വാർഡ് തല സമിതികൾ രൂപീകരിച്ചിട്ടില്ലാത്ത തദ്ദേശ സ്ഥാപനങ്ങൾ അത് ഉടൻ തന്നെ രൂപീകരിച്ച് പ്രവർത്തന ക്ഷമം ആക്കേണ്ടതാണ്.

b) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ റാപ്പിഡ് റെസ്പോൺസ് ടീമുകളെ രൂപീകരിക്കുന്നതിന് ആരോഗ്യവകുപ്പും ദുരന്തനിവാരണ വകുപ്പും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അതുപ്രകാരം RRT കൾ പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

C) വാർഡുതല സമിതികൾ കമ്മ്യൂണിറ്റി സർവെയ്‌ലൻസുമായി ബന്ധപ്പെട്ട വഹിക്കേണ്ട ചുമതലകൾ താഴെപ്പറയുന്നവയാണ്:

1. കമ്മ്യൂണിറ്റി സർവെയ്‌ലൻസ് പ്രവർത്തനങ്ങൾക്ക് ആവശ്യമായ സന്നദ്ധപ്രവർത്തകരെ കണ്ടെത്തി അവരെ തദ്ദേശസ്ഥാപന തല/വാർഡ് തല പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുക.

2. തദ്ദേശസ്ഥാപന തലത്തിലും വാർഡ് തലത്തിലും കോവിഡ് രോഗലക്ഷണങ്ങൾ സംബന്ധിച്ചും കോവിഡ് ടെസ്റ്റ് സംബന്ധിച്ചും ഉള്ള അറിയിപ്പുകളും തുടർ നടപടികളും സ്വീകരിക്കുക. ഇത് സംബന്ധിച്ച വിവര സൂചിക തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും സ്ഥാപനത്തിന് കീഴിലെ ലൈബ്രറികൾ, പൊതു സ്ഥലങ്ങൾ എന്നിവിടങ്ങളിലും പ്രദർശിപ്പിക്കേണ്ടതും അത് ദിവസേന അപ്ഡേറ്റ് ചെയ്യേണ്ടതുമാണ്.

3. റാപ്പിഡ് റെസ്പോണ്ട്സ് ടീമുകളുടെ (RRT) പ്രവർത്തനങ്ങൾക്ക് ആവശ്യമായ സഹായം നൽകുകയും അവയുടെ മേൽനോട്ടം വഹിക്കുകയും ചെയ്യുക.

4. റാപ്പിഡ് റെസ്പോണ്ട്സ് ടീമുകൾ കുറ്റമറ്റ രീതിയിൽ പ്രവർത്തിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഇവയുടെ ശരിയായ പ്രവർത്തനങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള പ്രശ്നങ്ങൾ തടസം ആകുന്നുവെങ്കിൽ ആയത് അടിയന്തരമായി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. വോളണ്ടിയേഴ്സിന്റെ സേവനം വാർഡ്തല സമിതികളിലും (RRT) കളിലും പുനരുജ്ജീവിപ്പിക്കേണ്ടതാണ്

**II. ബോധവൽക്കരണ/കോവിഡ് പ്രോട്ടോകോൾ**

a. സാനിറ്റൈസർ, മാസ്ക്, സാമൂഹിക അകലം തുടങ്ങിയ കോവിഡ് പ്രോട്ടോക്കോൾ മാനദണ്ഡങ്ങൾ കർശനമായി പാലിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തണം.

b. ബസ്സ് സ്റ്റാൻഡ്/റെയിൽവേ സ്റ്റേഷൻ, മാർക്കറ്റുകൾ, പൊതുസ്ഥലങ്ങൾ, ഉത്സവ മേഖലകൾ തുടങ്ങിയ സ്ഥലങ്ങളിൽ കോവിഡ് പ്രോട്ടോക്കോൾ കർശനമായി പാലിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പ വരുത്തേണ്ടതും പാലിക്കാത്ത സ്ഥലങ്ങളിൽ പൊലീസ്/ജില്ലാ ഭരണകൂടം/സെക്ടറൽ മജിസ്ട്രേട്ടുമാർ തുടങ്ങിയവർ മുഖേന കർശന നടപടി സ്വീകരിക്കേണ്ടതുമാണ്.

c. ധാരാളം ആളുകളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള കൂടിച്ചേരലുകൾ, സുരക്ഷിതമല്ലാത്ത യാത്രകൾ തുടങ്ങിയവ നിയന്ത്രിക്കുന്നതിനാവശ്യമായ നടപടികൾ വാർഡ് തല സമിതികൾ, RRTകൾ മുഖേന സ്വീകരിക്കണം.

d. കോവിഡ് രോഗബാധ റിപ്പോർട്ട് ചെയ്ത റെസിഡൻസ് ഏരിയകളിൽ ആവശ്യമായ

ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതും ബ്രേക്ക് ദി ചെയിൻ പ്രോട്ടോകോൾ കർശനമായി നടപ്പിലാക്കേണ്ടതുമാണ്. ആവശ്യമെങ്കിൽ ഇത്തരം സ്ഥലങ്ങളിൽ കമ്മ്യൂണിറ്റി ക്ലിനിക് സംവിധാനം ആരംഭിക്കുക.

e. പ്രദേശത്തെ രാഷ്ട്രീയ, സാമൂഹിക, മത, നേതാക്കളുടേയും വ്യാപാര വ്യവസായ മേഖലയിലെ സംഘടനകളുടേയും, റെസിഡൻഷ്യൽ അസോസിയേഷനുകളുടെയും സന്നദ്ധ സംഘടനകളുടേയും യോഗം ചേർന്ന് പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

**III. സാമൂഹ്യ നിരീക്ഷണം, സമ്പർക്കമുള്ളവരെ കണ്ടെത്തൽ, ടെസ്റ്റിംഗ്, ക്വാറന്റൈൻ**

a. കോവിഡ് പോസിറ്റീവ് ആയ എല്ലാവരെയും അവരുമായി സമ്പർക്കത്തിൽ ഉള്ളവരെയും കണ്ടെത്തുക.

b. പ്രാഥമിക സമ്പർക്ക പട്ടികയിൽ ഉള്ളവരെയെല്ലാം ടെസ്റ്റിന് വിധേയരാക്കുക. ക്വാറന്റൈനിൽ പോകാൻ ആവശ്യപ്പെടുക.

c. കൺടൈൻമെന്റ് സോണിലും മൈക്രോ കൺടൈൻമെന്റ് സോണിലും ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് കൂടുതലുള്ള സ്ഥലങ്ങളിലും ഉള്ള രോഗ ലക്ഷണം ഇല്ലാത്തവരും ടെസ്റ്റിന് വിധേയരായിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുക.

d. DDMA യുടെ നിർദേശ പ്രകാരം സർക്കാർ സംഘടിപ്പിക്കുന്ന ടെസ്റ്റ് ഡ്രൈവിന് ആവശ്യമായ എല്ലാ സഹായ സഹകരണങ്ങൾ നൽകുക.

സർക്കാരിന്റെ താഴെപ്പറയുന്ന മുൻഗണനാക്രമത്തിൽ ടെസ്റ്റ് നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്:

കോവിഡ് സ്ഥിരീകരിച്ചവർ

പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി ഉയർന്ന സമ്പർക്കം പുലർത്തിയ മുൻ നിര ആരോഗ്യ പ്രവർത്തകരും മറ്റു സന്നദ്ധ പ്രവർത്തകരും.

തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളുടെ ഭാഗമായവർ

കൺടൈൻമെന്റ് സോണിലും ക്ലസ്റ്ററിലും ഉയർന്ന പോസിറ്റിവിറ്റി നിരക്ക് ഉള്ള പ്രദേശങ്ങളിലും ഉൾപ്പെട്ടവർ

ആശുപത്രി OPD യിൽ ഉള്ള ആളുകൾ

e. ഹോം ഐസൊലേഷനിൽ ഉള്ള രോഗികളുടെ ക്ഷേമം അന്വേഷിക്കുക. അവരോടൊപ്പം വീടിനുള്ളിലെ മറ്റു അന്തേവാസികളുടെയും. (മറ്റു രോഗങ്ങൾ ഉള്ളവരും റിവേഴ്സ് ക്വാറന്റൈനിൽ ഉള്ളവരും).

f. ഹോം ഐസൊലേഷനിൽ ഉള്ള രോഗികൾക്ക് പ്രത്യേക മുറി, ബാത് റൂം, തുണി കഴുകാനുള്ള സൗകര്യം തുടങ്ങിയവ ഉണ്ടെന്ന് ഉറപ്പ് വരുത്തുക. അല്ലാത്ത പക്ഷം അവരെ CFLTC കളിലേക്ക് മാറ്റേണ്ടതാണ്.

g. ഹോം ഐസൊലേഷനിൽ ഉള്ളവർക്ക് ആവശ്യത്തിന് മരുന്നും വെള്ളവും ലഭ്യമാകുന്നുണ്ടോ, കൗൺസിലിങ്ങ് സേവനങ്ങൾ ആവശ്യം ഉണ്ടോ എന്നും ഉറപ്പ് വരുത്തേണ്ടതാണ്.

h. ആദിവാസി ഊരുകളുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.

**IV. സ്ഥാപന ക്വാറന്റീൻ സെന്ററുകളുടെയും, CFLTC, SLTC, DCC യുടേയും നടത്തിപ്പ് സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ.**

a) നിലവിലുള്ള ക്വാറന്റീൻ സെന്ററുകളുടേയും CFLTC, SLTC, DCC (ഡൊമസൈൽ സെൻററുകൾ) കളുടേയും സുഗമമായ പ്രവർത്തനം ഉറപ്പുവരുത്തണം. അടിയന്തര സാഹചര്യം നേരിടുന്നതിന് വീടുകൾ, കമ്മ്യൂണിറ്റി ഹാളുകൾ തുടങ്ങിയവ കേന്ദ്രീകരിച്ച് നാല്/അഞ്ച് കിടക്കകളുള്ള ആക്സിലറി FLTC-കൾ ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുമായി ആലോചിച്ച് സജ്ജമാക്കണം.

b) ക്വാറന്റീൻ സെന്ററുകളിലും CFLTC, SLTC, DCC (ഡൊമസൈൽ സെൻററുകൾ) കളിലും ഭക്ഷണം, വെള്ളം, വൈദ്യുതി ഉറപ്പാക്കുകയും മാലിന്യ നിർമ്മാർജനത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

c) കോവിഡ് പ്രതിരോധ പ്രവർത്തനത്തനങ്ങൾക്കു CFLTC മായി ബന്ധപ്പെട്ട ചെലവുകൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ അടിയന്തര സഹചര്യത്തിൽ നിലവിലുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം തനത് ഫണ്ടിൽ നിന്നും വഹിക്കേണ്ടതും അത് തികയുന്നില്ലെങ്കിൽ പ്ലാൻ ഫണ്ട് ഉപയോഗിക്കേണ്ടതും, തുടർന്ന് ജില്ല ദുരന്തനിവാരണ അതോറിറ്റി വഴി reimburse ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

V. **മറ്റുള്ളവ**

a. അതിഥി തൊഴിലാളികൾക്കിടയിൽ ബോധവത്കരണം ഉൾപ്പെടെ വ്യാധി പടരുന്നത് തടയാനുള്ള പ്രവർത്തനങ്ങൾ നടത്തണം.

b. സ്വകാര്യ ട്യൂഷൻ സെൻറുകളുടെ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യേണ്ടതാണ്.

c. അടിയന്തര ഘട്ടത്തിൽ അവശ്യ സാധനങ്ങളുടെ ലഭ്യത ഉറപ്പ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. 144 പ്രഖ്യാപിച്ചിട്ടുള്ള സ്ഥലങ്ങളിൽ വേണ്ടിവന്നാൽ കമ്യൂണിറ്റി കിച്ചൺ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഒരുക്കണം.

d. എല്ലാ തദ്ദേശ സ്ഥാപനങ്ങളും മാലിന്യ നിർമാർജ്ജനത്തിന് പ്രത്യേക ഊന്നൽ നൽകണം. ഓഫീസുകൾ, പൊതുസ്ഥലങ്ങൾ എന്നിവടങ്ങളിലും വീടുകളിലും ഉപയോഗിച്ച മാസ്കുകൾ, ഗ്ലൗസുകൾ, PPE കിറ്റുകൾ എന്നിവ ആരോഗ്യ വകുപ്പ് മാനദണ്ഡങ്ങളും ബയോമെഡിക്കൽ വേസ്റ്റ് പരിപാലന മാർഗ്ഗ നിർദ്ദേശങ്ങളും കർശനമായി പാലിച്ച് സംസ്കരിക്കുന്നതിന് വേണ്ടുന്ന സംവിധാനം ഒരുക്കേണ്ടതാണ്.

വിശ്വസ്തതയോടെ,
**ആർ .എസ് .കണ്ണൻ**
**സ്പെഷ്യൽ സെക്രട്ടറി**
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ.

പകർപ്പ്: തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ്അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി എ യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി എ യ്ക്ക്